

തിരുവനന്തപുരം ചാല ബോയ്സ് ഹൈസ്കൂൾ വളപ്പിലെ മിയാവാക്കി വനം സന്ദർശിക്കുന്ന മന്ത്രി എ.കെ.ശശീന്ദ്രൻ

# അകിര മിയാവാക്കിയുടെ ഓർമയ്ക്കായി മരം നട്ടു

തിരുവനന്തപുരം● ലോകത്തെങ്ങും ഹരിതവത്കരണത്തിന് മാതൃകയും പ്രചോദനവുമായ ജാപ്പനീസ് പ്രകൃതി ശാസ്ത്രജ്ഞൻ പ്രഫ. അകിര മിയാവാക്കിയുടെ ഓർമ്മയ്ക്കായി തലസ്ഥാനത്തും 'ഓർമ മരം' നട്ടു. ചാല ബോയ്സ് ഹൈസ്കൂൾ വളപ്പിലെ മിയാവാക്കി മാതൃക വനത്തിൽ മന്ത്രി എ.കെ.ശശീന്ദ്രനാണ് കേരളത്തിലും ജപ്പാനിലും ഒരുപോലെ വളരുന്ന കർപ്പൂര മരം നട്ടത്.

നേച്ചർ ഗ്രീൻ ഗാർഡിയൻ ഫൗണ്ടേഷന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച പരിപാടിയിൽ ഫൗണ്ടേഷൻ ചെയർമാൻ പ്രഫ. വി.കെ. ദാമോദരൻ പങ്കെടുത്തു. കേരള ഡവലപ്മെന്റ് ഇന്നവേഷൻ ആൻഡ് സ്ട്രാറ്റജി കൗൺസിൽ മുൻകൈയെടുത്ത് നട്ടുപിടിപ്പിച്ച ചാല സ്കൂളിലെ മിയാവാക്കി വന സമർപ്പണത്തിൽ ഒന്നര വർഷം മുൻപ് അകിയ മിയാവാകി വിഡിയോ കോൺഫറൻസിലൂടെ പങ്കെടുത്തിരുന്നു. കഴിഞ്ഞ മാസമാണ് അദ്ദേഹം കോവിഡ് ബാധിച്ച് അന്തരിച്ചത്.

നേച്ചേഴ്സ് ഗ്രീൻ ഗാർഡിയൻ ഫൗണ്ടേഷൻ, ഇൻവിസ് മൾട്ടി മീഡിയ, കൾചർ ഷോപ്പി, എന്നിവരങ്ങിയ കൂട്ടായ്മയാണ് കേരളത്തിൽ മിയാവാക്കി വനത്തിന്റെ പ്രചാരകർ.